LIBRARY ARCHIVES Kerala Legislative Assembly

## സഹകരണമേഖലയിൽ നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതികൾ

15 (*644) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണമേഖലയിൽ നടപ്പിലാക്കി വരുന്ന ഭവനനിർമ്മാണ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്;

(സി) ഈ രംഗത്ത് കേരള സംസ്ഥാന സഹകരണ ഭവനനിർമ്മാണ ഫെഡറേഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രാഥമിക സഹകരണ ഭവന നിർമ്മാണ സംഘങ്ങൾക്ക്, കുറഞ്ഞ ചെലവിൽ വീട്ടു നിർമ്മിക്കുന്നതിന് തിരിച്ചടവ് എളുപ്പമായ തരത്തിൽ സാമ്പത്തിക സഹായം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് ഫെഡറേഷൻ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക ഭവന നിർമ്മാണ സംഘങ്ങളിലെ അംഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനും നിലവിലുള്ള വീടുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനും അംഗസംഘങ്ങൾ വഴി വായ്പ നൽകുന്നു.

(ബി) കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ നേരിട്ട് അംഗസംഘങ്ങൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ, നാഷണൽ ഹൗസിംഗ് ബാങ്ക്, കാനറാബാങ്ക്, ഫെഡറൽ ബാങ്ക് എന്നീ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ദീർഘകാല വായ്പയെടുത്ത് ഫെഡറേഷന്റെ വായ്പാ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സ്വരൂപിക്കുന്നു. ഇതിനുപുറമെ എല്ലാ വർഷവും കേരള സർക്കാരിൽനിന്നും ഓഹരി മൂലധന വിഹിതവും ലഭിക്കുന്നുണ്ട്. ഇത്തരം ഫണ്ട് ഉപയോഗിച്ച് അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിലൂടെ വ്യക്തിഗത വായ്പ നൽകിവരുന്നു. അംഗസംഘങ്ങളിലെ അംഗങ്ങൾക്ക് പുതിയ വീട് നിർമ്മിക്കുന്നതിനും നിലവിലുള്ള വീടുകളുടെ അറ്റകുറ്റപ്പണിക്കും വായ്പ നൽകിവരുന്നു.

(ഡി) കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ സാമ്പത്തികമായി പിന്നോക്കം നിൽക്കുവന്നവർക്കും ഇടത്തരക്കാർക്കും കുറഞ്ഞ പലിശ നിരക്കിൽ പുതിയ വീട് വയ്ക്കുന്നതിന് പരമാവധി 15 ലക്ഷം രൂപയും അറ്റകുറ്റപ്പണികൾക്കായി 7.5 ലക്ഷം രൂപയും അംഗസംഘങ്ങൾ വഴി വായ്പ നൽകിവരുന്നു. തിരിച്ചടവ് എളുപ്പമാക്കുന്നതിനുവേണ്ടി കുറഞ്ഞ ഗഡു വരത്തക്ക രീതിയിൽ 15 വർഷ കാലാവധിക്ക് ദീർഘകാല വായ്പയായിട്ടാണ് നൽകിവരുന്നത്. കൃത്യമായി തിരിച്ചടവ് നടത്തുന്ന സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി അടച്ച പലിശയുടെ 1% ഇൻസെന്റീവ് ആയി ഓരോ വർഷവും നൽകിവരുന്നു.

**ഊർജ്ജ വിതരണരംഗം ശക്തിപ്പെടുത്തുവാൻ പദ്ധതികൾ**

16 (*645) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ.എസ്. ശബരീനാഥൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ വിതരണരംഗം ശക്തിപ്പെടുത്തുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) എത്ര പുതിയ വൈദ്യുതി കണക്ഷനുകളാണ് ഒരു വർഷക്കാലയളവിനുള്ളിൽ നൽകാനുദ്ദേശിക്കുന്നത്;

(സി) ഊർജ്ജ വിതരണരംഗം ശക്തിപ്പെടുത്തുന്നതിനായി ഏതെല്ലാം വിതരണ ലൈനുകളാണ് കമ്മീഷൻ ചെയ്യാനുദ്ദേശിക്കുന്നത്; ഇതുസംബന്ധിച്ച് വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഈ രംഗത്ത് മുൻ സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (എം. എം. മണി):

(എ) ഊർജ്ജ വിതരണരംഗം ശക്തിപ്പെടുത്തുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന കർമ്മപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

1. പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
2. പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എച്ച്.റ്റി/എൽ.റ്റി. അനുപാതം മെച്ചപ്പെടുത്തുക.
3. നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക (Reconductoring).

LIBRARY ARCHIVES Kerala Legislative Assembly